# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

ഇ4-8240/17 തീയതി- 12 . 03.2020

## സർക്കുലർ നമ്പർ- 26/2019-20

വിഷയം- സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ പടരുന്ന സാഹചര്യത്തിൽ ഓഫീസുകളിൽ സാനിറ്റൈസർ/ഹാൻഡ് വാഷ് വാങ്ങി ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് കൊറോണ വൈറസ് മൂലമുള്ള രോഗബാധ (COVID-19) പടരുന്നതായി റിപ്പോർട്ടുകൾ പുറത്തുവരുന്ന സാഹചര്യത്തിൽ കൊറോണ വൈറസ് വ്യാപനത്തെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ ആസ്ഥാന ഓഫീസിലും വിവിധ ജില്ലാകമ്മിറ്റി/ഉപകാര്യാലയങ്ങളിലും "ഓഫീസ് ചെലവുകൾ" എന്ന ശീർഷകത്തിൽ വകയിരുത്തി സാനിറ്റൈസർ/ഹാന്റ് വാഷ് വാങ്ങി ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് ഇതിനാൽ അനുമതി നൽകുന്നു. കൂടാതെ കൊറോണ വൈറസ് മൂലമുള്ള രോഗ വ്യാപനത്തെ പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ/ആരോഗ്യവകുപ്പ് അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതു നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും വീഴ്ച കൂടാതെ പാലിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

1. എല്ലാ ജില്ലാകമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർ
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയകമ്മിറ്റി ചെയർമാൻ

പകർപ്പ്

1. ഫിനാൻസ് ഓഫീസർ/സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ ജൂനിയർ സൂപ്രണ്ടുമാർക്കും
3. സ്റ്റോക്ക്ഫയൽ/ബോർഡ് വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

ERNAKULAM

ജൂനിയർ സൂപ്രണ്ട്